പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3563 08.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യിൽ റഫറണ്ടം

ചോദ്യം

ശ്രീ.പി.കെ.അബ്ദു റബ്ബ്

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിലെ അംഗീകൃത തൊഴിലാളി യൂണിയനുകളുടെ കാലാവധി 14.6.2019 ന് അവസാനിച്ച ശേഷമുള്ള റഫറണ്ടം നടപടി ഏതുവരെ ആയെന്നും റഫറണ്ടം എന്നേക്ക് നടത്തുമെന്നും അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ 2016 ൽ നടന്ന റഫറണ്ടം പ്രകാരം, കോർപറേഷനിലെ അംഗീകൃത തൊഴിലാളി യൂണിയനുകളുടെ കാലാവധി 14.6.2019 വരെ ആണെങ്കിലും, 2010 ലെ ട്രേഡ് യൂണിയനുകളുടെ അംഗീകാരം സംബന്ധിച്ച നിയമത്തിലെ (Act 16 of 2010) 9-വകുപ്പ് പ്രകാരം നിലവിലുള്ള അംഗീകൃത തൊഴിലാളി യൂണിയനുകളുടെ കാലാവധി 6 മാസക്കാലത്തേക്കോ, അടുത്ത റഫറണ്ടം നടത്തി അംഗീകാരം നൽകുന്നത് വരെയോ (ഏതാണോ ആദ്യം വരുന്നത് അതുവരെ) നിലനിൽക്കുന്നതാണ്.<br><br>കെ.എസ്.ആർ.ടി.സി.യിൽ റഫറണ്ടം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ലേബർ കമ്മീഷണർക്ക് കോർപ്പറേഷൻ കത്ത് നൽകിയിട്ടുണ്ട്. ലേബർ കമ്മീഷണറുടെ നിർദ്ദേശമനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത റഫറണ്ടത്തിൽ യൂണിയനുകൾക്ക് അംഗീകാരത്തിന് വേണ്ട വോട്ട് വിഹിതം ഉയർത്തുന്നതിനുള്ള നീക്കം ഉണ്ടോ; എങ്കിൽ അത് ഏത് വരെയാകുമെന്ന് അറിയിക്കാമോ? | (ബി) | റഫറണ്ടത്തിൽ യൂണിയനുകൾക്ക് അംഗീകാരത്തിന് വേണ്ട വോട്ട് വിഹിതം ഉയർത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ